കോ– ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 38/2021 25.12.2021

# AIRRBEA
# പതിനാലാമത് അഖിലേന്ത്യാ സമ്മേളനം




ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഗ്രാമീണ ബാങ്ക് ജീവനക്കാരെ പ്രതിനിധീകരിക്കുന്ന അഖിലേന്ത്യാ സംഘടനയായ AIRRBEA യുടെ പതിനാലാമത് സമ്മേളനം 2021 ഡിസംബർ 11,12 തീയതികളിലായി ആസ്സാമിലെ ഗുവാഹത്തിയിൽ വെച്ച് നടന്നു. കോവിഡിന്റെ സാഹചര്യത്തിൽ 680 പ്രതിനിധികളാണ് രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമായി സമ്മേളനത്തിൽ പങ്കെടുത്തത്. കോവിഡ് പശ്ചാത്തലത്തിൽ ഇത്തവണ നിരീക്ഷകർ ഉണ്ടായിരുന്നില്ല.

**വനിതാ സമ്മേളനം :**

സമ്മേളനത്തിന്റെ ആദ്യ ദിവസത്തെ ആദ്യ സെഷൻ വനിതാ സമ്മേളനമായിരുന്നു. ശ്രീമതി. പോളി വാക്വിലിൻ (HOD ഡിപ്പാർട്ട്മെന്റ് ഓഫ് വുമൺ സ്റ്റഡീസ്, ഗുവാഹത്തി യൂണിവേഴ്സിറ്റി) ആണ് വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്തത്. വനിതാ സബ് കമ്മിറ്റി ചെയർപേഴ്സൺ സഃ എൽ. പച്ചാവ് ആയിരുന്നു പരിപാടിയുടെ അധ്യക്ഷ. സ. മീന എൻ (കൺവീനർ, വനിതാ സബ്കമ്മിറ്റി) റിപ്പോർട്ട് അവതരിപ്പിച്ചു. 85 വനിതാ സഖാക്കൾ പങ്കെടുത്ത പരിപാടിയിൽ, 13 പേരാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്. നമ്മുടെ യൂണിറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട് സ. ശ്രീജ എം സംസാരിച്ചു. ചർച്ചയിൽ ഉയർന്നുവന്ന വിഷയങ്ങളോട് സെക്രട്ടറി ജനറൽ സ. എസ് വെങ്കിടേശ്വരറെഡ്ഢി പ്രതികരിച്ചു.




**ഉദ്ഘാടനം:**

ആൾ ഇന്ത്യ കിസാൻ സഭ ജോയിന്റ് സെക്രട്ടറിയും കർഷക സമര മുന്നണി പോരാളിയുമായ സ. വിജു കൃഷ്ണനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. കർഷക സമരത്തിനാധാരമായ ഇന്ത്യയിലെ കാർഷിക പ്രതിസന്ധികളുടെ ചരിത്രപരമായ കാരണങ്ങളിൽ തുടങ്ങി, കേന്ദ്ര സർക്കാർ കൊണ്ടുവന്ന കാർഷിക ഭേദഗതി നിയമത്തിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു.

**പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ :**

വ്യത്യസ്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ ഉള്ളവർക്ക് പോലും വർഗ രാഷ്ട്രീയത്തിന്റെ ചിന്തകളിലേക്ക് കടന്നുവരേണ്ടി വന്ന സാഹചര്യമാണ് കർഷക സമരത്തിന്റെ വർത്തമാന കാല പ്രസക്തി. കോവിഡ് കാലഘട്ടത്തിൽ മഹാമാരിയുടെ പ്രതിസന്ധികൾക്കൊപ്പം കർഷക സമരത്തിന്റെ ഭാഗമായിട്ടുള്ള ജീവൻമരണ പോരാട്ടത്തിലായിരുന്നു ഇന്ത്യയിലെ കർഷകർ. അവരെ ഖാലിസ്ഥാൻ വാദികളും ചൈനീസ് ചാരന്മാരുമെല്ലാം ആക്കി മാറ്റാനുള്ള ആസൂത്രിതമായ കുപ്രചരണങ്ങൾ ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായി. വ്യാപകമായി കള്ളക്കേസുകൾ ഉണ്ടാക്കി. ഹരിയാനയിൽ മാത്രം 48000 പോലീസ് കേസുകൾ കർഷകർക്കെതിരെ ചുമത്തി. എന്നാൽ സമരത്തിന്റെ ശരിമ ഇത്തരം വ്യാജ പ്രചരണങ്ങളുടെ മുനയൊടിച്ചു. ഭയരഹിതമായി കർഷകർ ഈ സമര പന്ഥാവിൽ അണിനിരന്നു. ലോകത്താകമാനമുള്ള ഫാസിസ്റ്റു വിരുദ്ധ പോരാളികൾക്ക് ആവേശം പകരുന്നതാണ് ഈ സമരമെന്ന പ്രശസ്ത ചിന്തകൻ നോം ചോസ്കിയുടെ അഭിപ്രായം വളരെ പ്രസക്തമാണ്.








ബാങ്കിങ് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായുള്ള ബാങ്കിംഗ് ഭേദഗതി ബിൽ ഇന്ത്യൻ പാർലിമെന്റിൽ അവതരിപ്പിക്കാൻ ഒരുങ്ങുന്ന വർത്തമാന കാലഘട്ടത്തിൽ അതിനെതിരെ തൊഴിലാളികളുടെ ഭാഗത്തുനിന്നും വലിയ പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നു വരേണ്ടതുണ്ട്. ബാങ്കുകളെ സ്വകാര്യവൽക്കരിക്കുക എന്നതിന്റെ പ്രത്യാഘാതം ബാങ്ക് ജീവനക്കാരുടെ മാത്രം പ്രശ്നമല്ല, അത് സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്.ഗ്രാമീണ ബാങ്ക് മേഖലയിൽ, സ്പോൺസർ ബാങ്കുകളുടെ നിയന്ത്രണമില്ലാത്ത നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ (NRBI)എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടേണ്ടത്


kartine29.deviantart

രാജ്യത്തെ കാർഷിക മേഖലയുടെ കൂടി ആവശ്യമാണ്.

കർഷക സമരത്തിന്റെ വിജയം രാജ്യത്തെ ജനാധിപത്യ ആശയങ്ങളുടെ കൂടി വിജയമാണ്. സമരത്തിന്റെ അനുഭവങ്ങളിൽ നിന്നും രാജ്യത്ത്, തൊഴിലാളി കർഷക ഐക്യ നിര ഉയർന്നു വരികയും അത് ചൂഷണ വ്യവസ്ഥക്കെതിരെ ശബ്ദമുയർത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഉദ്ഘാടനത്തോടനുബന്ധിച്ചിട്ടുള്ള പൊതുപരിപാടിയിൽ ഡോ. അഖിൽ രഞ്ജൻ ദത്ത (പ്രൊഫസർ, പൊളിറ്റിക്കൽ സയൻസ് വിഭാഗം, ഗുവാഹത്തി യൂണിവേഴ്സിറ്റി), ദെബശിഷ് ഗംഗോപാദ്ധ്യായ (ചെയർമാൻ, ആസ്സാം ഗ്രാമീണ വികാസ് ബാങ്ക്) തുടങ്ങിയവർ സംസാരിച്ചു.









AIRRBEA സെക്രട്ടറി ജനറൽ സ. എസ് വെങ്കിടേശ്വര റെഡ്ഢി അവതരിപ്പിച്ച സംഘടനാ റിപ്പോർട്ട്, ട്രഷറർ സ. ഡി സാമുവൽ അവതരിപ്പിച്ച വരവ് ചിലവ് കണക്കുകൾ എന്നിവയിൽ മേലുള്ള പ്രതിനിധികളുടെ ചർച്ച, സമ്മേളനത്തിന്റെ ആദ്യ ദിവസം ഉച്ചയ്ക്ക് ശേഷം ആരംഭിച്ചു. രാത്രി 8:00 വരെ ചർച്ച നീണ്ടുനിന്നു. എട്ടു മണിക്ക് ശേഷം ആസ്സാമിലെ തനതായ കലാരൂപങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള സാംസ്കാരിക പരിപാടികൾ സമ്മേളന വേദിയിൽ നടന്നു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം (12.12.2021) ശ്രീ. പിയൂഷ് ഹസാരിക (ജല വിഭവ മന്ത്രി, ആസ്സാം) സമ്മേളനത്തെ അഭിവാദ്യം ചെയ്തുകൊണ്ട് സംസാരിച്ചു. അതിനുശേഷം പ്രതിനിധികളുടെ ചർച്ച തുടർന്നു. 44 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തു കൊണ്ട് സംസാരിച്ചത്. കേരള യൂണിറ്റിനെ പ്രതിനിധീകരിച്ചുകൊണ്ട്, സ. ബിഗേഷ് ഉണ്ണിയൻ സംസാരിച്ചു. NFRRBS നെ പ്രതിനിധീകരിച്ച് സ. ഇ പ്രേമകുമാരനാണ് സംസാരിച്ചത്.

ചർച്ചകൾക്കുള്ള മറുപടി, സെക്രട്ടറി ജനറൽ നൽകുകയും, റിപ്പോർട്ടും വരവുചെലവ് കണക്കും സമ്മേളനം അംഗീകരിക്കുകയും ചെയ്തു. സംഘടനയുടെ അടുത്ത കേന്ദ്ര കമ്മിറ്റി യോഗത്തിൽ വെച്ച് ഭാവി പരിപാടികൾക്ക് രൂപം നൽകും.

**സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ** :

- **NRBI രൂപീകരിക്കുക സ്പോൺസർ ബാങ്കുകൾക്കനുകൂലമായി ഗ്രാമീണ ബാങ്കുകളുടെ ഓഹരി വില്പന നടത്തണമെന്നുള്ള വിദഗ്ദ കമ്മിറ്റി ശുപാർശ തള്ളിക്കളയുക.**
- **പൊതുമേഖല ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുക.**
- **ദിവസ വേതനക്കാരെ സ്ഥിരപ്പെടുത്തുക.**
- **പൊതു ആസ്തികൾ വിൽക്കാനുള്ള നാഷണൽ മോണിറ്റയിസേഷൻ പൈപ്പ്ലൈൻ പദ്ധതിയിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുക.**
- **അവശ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുക.**
- **തീവ്രവാദം,വർഗീയത, അസഹിഷ്ണുത തുടങ്ങിയവക്കെതിരെ.**
- **ഗ്രാമീണ ബാങ്കുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, പ്രൊമോഷൻ നിയമങ്ങൾ പരിഷ്ക്കരിക്കുക.**

**ഭാരവാഹികൾ** :

പ്രസിഡന്റ് :സ. സി രാജീവൻ (കേരള), സെക്രട്ടറി ജനറൽ :സ. എസ് വെങ്കിടേശ്വര റെഡ്ഢി (ആന്ധ്രാപ്രദേശ്), ട്രഷറർ :സ. ഡി സാമുവൽ (ആന്ധ്ര പ്രദേശ്), വനിത സബ്കമ്മിറ്റി ചെയർപേഴ്സൺ : സ.എൽ പച്ചാവ്,

കേരളത്തിൽ നിന്നും മിഥുൻ സി (അസിസ്റ്റന്റ് ജനറൽ സെക്രട്ടറി), കെ ജി മദനൻ (കൺവീനർ, ലീഗൽ കമ്മിറ്റി) മീന എൻ (കൺവീനർ, വനിത സബ് കമ്മിറ്റി), സ. എൻ സുരേഷ് (NFRRRBS വൈസ് പ്രസിഡന്റ്) എന്നിവരെ അഖിലേന്ത്യാ ഭാരവാഹികളായി തിരഞ്ഞെടുത്തു. അനൂപ് ടി ജി, ബിഗേഷ് ഉണ്ണിയൻ, രാജേഷ് പി, നരേന്ദ്രൻ സിപി (NFRRRBS) എന്നിവരെ കേന്ദ്ര കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

പതിനാലാം സമ്മേളനം സംഘടനയെ സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ ഒരു തലമുറ മാറ്റത്തിന്റെ വേദിയായി മാറി.പുതുതായി തിരഞ്ഞെടുത്ത അഖിലേന്ത്യാ കമ്മിറ്റിയിൽ




kartine29.deviantart



പകുതിയിൽ അധികം ആളുകളും 2010 ന് ശേഷം ബാങ്കിൽ ജോയിൻ ചെയ്തവരാണ്. തുല്യ ജോലിക്ക് തുല്യവേതനം, പെൻഷൻ പോലുള്ള അവകാശങ്ങൾക്ക് ഗ്രാമീണ ബാങ്ക് ജീവനക്കാർ അർഹത നേടുന്നത് AIRRBEA കഴിഞ്ഞ കാലങ്ങളിൽ നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളുടെ ഭാഗമായിട്ടാണ്. സമരങ്ങളും നിയമ പോരാട്ടങ്ങളും സംഘടിപ്പിക്കുന്നതിൽ  നിർജീവമായിപ്പോയ വാണിജ്യ ബാങ്കുകളിലെ ഭൂരിപക്ഷ സംഘടനകളുടെ മടിപിടിച്ച ട്രേഡ് യൂണിയൻ സംസ്കാരത്തിന്റെ ശീലങ്ങൾ പിന്തുടരാതെ, ജീവനക്കാരുടെ അവകാശങ്ങൾ ക്ക് വേണ്ടി ത്യാഗോജ്വലമായി പോരാടി വിജയിച്ച ചരിത്രവും പാരമ്പര്യവുമാണ് AIRRBEA ക്കുള്ളത്. അതുകൊണ്ടു തന്നെ, ഇന്ന് ഗ്രാമീണ ബാങ്ക് ജീവനക്കാർ അനുഭവിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും പുറകിൽ AIRRBEA സംഘടനയുടെയും അതിന് നേതൃത്വം നൽകിയ സ. ദിലീപ് മുഖർജിയെ പോലുള്ള സഖാക്കളുടെയും പങ്ക് നിസ്തർക്കമാണ്.

ഈ പാരമ്പര്യത്തിൽ നിന്നും ഊർജ്ജം സംഭരിച്ചു കൊണ്ട്, പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് മുന്നേറാൻ AIRRBEA യുടെ ചുവന്ന പതാകയ്ക്ക് കീഴിൽ  അണിനിരന്നു കൊണ്ട്  നമുക്ക് സാധിക്കേണ്ടതുണ്ട്.

*'ത്യാഗങ്ങൾ ഇല്ലാതെ നേട്ടങ്ങൾ ഇല്ല*
*നേട്ടങ്ങൾ ഇല്ലാതെ പിന്മാറ്റമില്ല'*

## അഭിവാദനങ്ങളോടെ,


**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184


kartine29.deviantart